"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – നഗരവൽക്കരണം ഉയർത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ ബഹുവർഷമായി ഏറ്റെടുക്കുന്നതിന് മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**സ.ഉ.(കൈ) നം.76/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/05/2020

---

പരാമർശം:- 1 29.01.2018 –ലെ സ.ഉ.(കൈ) നം. 11/2018/തസ്വഭവ.

2 02.02.2018-ലെ സ.ഉ.(കൈ) നം. 17/2018/തസ്വഭവ.

3 05.12.2019-ലെ സ.ഉ.(കൈ) നം. 157/19/2019/തസ്വഭവ.

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ പരാമർശം (1), (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗരേഖകളുടെ ഖണ്ഡിക 3.5.2-ൽ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്, പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലയളവിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്ന ബഹുവർഷ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള ഭരണസമിതികളുടെ അവസാന വർഷമാണ് 2020-21 എന്നതിനാൽ, നടപ്പ് വർഷം പുതിയ ബഹുവർഷ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ലെന്ന് പരാമർശം (3) പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി.

2. കൂടുതൽ ബഹുവർഷ പ്രോജക്ടുകൾ നടപ്പ് വർഷം പുതുതായി ആരംഭിക്കുകയാണെങ്കിൽ വികസന ഫണ്ട് വിഹിതത്തിൽ നിന്നും ഗണ്യമായ തുക വരുംവർഷങ്ങളിൽ ഈ പ്രോജക്ടുകൾക്ക് മാറ്റിവയ്ക്കേണ്ടി വരും. അത്തരം ഒരു സാഹചര്യം ഉണ്ടാകുകയാണെങ്കിൽ അത് പുതിയ ഭരണസമിതികളുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്ന നടപടിയായിരിക്കും എന്നത് കണക്കിലെടുത്താണ് പുതിയ ബഹുവർഷ പ്രോജക്ടുകൾ 2020-21 വാർഷിക പദ്ധതിയിൽ ആരംഭിക്കാൻ പാടില്ല എന്ന നിർദ്ദേശം നൽകിയത്.

3. പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് നഗരവൽക്കരണം ഉയർത്തുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നത്. ആയതിനാൽ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 2021-22 വാർഷിക പദ്ധതി മുതൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും സിവറേജ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള പ്രൊജക്റ്റുകളും അംഗീകൃത മാസ്റ്റർ പ്ലാനുകൾ പ്രകാരമുള്ള പ്രൊജക്റ്റുകളും ബഹുവർഷ പ്രൊജക്റ്റ് മാതൃകയിൽ വികസന/തനതു ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു.

4. നിലവിൽ ഏറ്റെടുത്തതും ഇനി ഏറ്റെടുക്കുന്നതുമായ അത്തരം പ്രൊജക്റ്റുകൾ മൂന്നോ

അതിലധികം വർഷങ്ങൾക്കോ ആയി ഏറ്റെടുക്കാവുന്നതും അടുത്ത പഞ്ചവത്സരപദ്ധതി കാലയളവിലേക്കും നീണ്ടു നില്ക്കാവുന്നതുമാണ്. ഒരു പ്രോജക്ട് ഏറ്റെടുക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തു കഴിഞ്ഞാൽ അതിന്റെ വിശദ പദ്ധതി റിപ്പോർട്ട് ഘട്ട നിർണ്ണയത്തിന്റെ (phasing) അടിസ്ഥാനത്തിൽ ഓരോ വർഷത്തേയും പ്രോജക്ട് ഘടകത്തിന് വേണ്ട തുക നിർബന്ധമായും അതത് വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഓരോ ഘട്ടവും വ്യക്തമാക്കിയുള്ള വിശദ പദ്ധതി റിപ്പോർട്ട് (DPR) ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുമ്പോൾ ഓരോ വാർഷിക പദ്ധതിയിലും ഘട്ടങ്ങൾനുസരിച്ച തുക നീക്കി വെച്ച എന്ന് നഗരസഭകളും ജില്ലാ ആസൂത്രണ സമിതികളും ഉറപ്പ വരുത്തേണ്ടതാണ്.

2021-22 വർഷം മുതൽ

5. ഖര-ദ്രവ മാലിന്യ നിർമാർജ്ജനവും അനുബന്ധ ശുചിത്വ പരിപാടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നതാണ് എന്നതിനാൽ അത്തരം പ്രൊജക്റ്റുകൾക്ക് മുൻഗണന നൽകേണ്ടതാണ്. ദേശീയ ഗ്രീൻ ട്രിബ്യൂണൽ, ദേശീയ ജൈവ വൈവിധ്യ അതോറിട്ടി, വിവിധ പരിസ്ഥിതി മലിനീകരണ നിയന്ത്രണ സ്ഥാപനങ്ങൾ എന്നിവയുടെ നിർദ്ദേശങ്ങളുടെയും അനുബന്ധ നിയമങ്ങളുടെയും വിവിധ വശങ്ങൾ കൂടി പരിഗണിച്ച ആവശ്യമായ പ്രൊജക്റ്റുകൾ തയ്യാറാക്കാൻ നഗരസഭകൾ മുൻഗണന നൽകേണ്ടതാണ്. ഇവയെല്ലാം നഗരസഭകളുടെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി മുൻഗണന നിശ്ചയിച്ച പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. ഇതിന്റെ എല്ലാം അടിസ്ഥാനത്തിൽ ഉള്ള ബഹുവർഷ പ്രൊജക്റ്റുകൾ മേൽ സൂചിപ്പിച്ചത് പോലെ ഏറ്റെടുക്കാവുന്നതാണ്.

6. 2021-22 മുതൽ ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ ചേർന്നു നടപ്പിലാക്കേണ്ട ഇത്തരം പ്രൊജെക്ടുകൾ കൂടി വിഭാവന ചെയ്യാവുന്നതാണ്. സംയുക്ത പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി യുടെ മേൽനോട്ടത്തിലായിരിക്കും നടപ്പിലാക്കുക. ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിനെ ചേർത്തുകൊണ്ടുള്ള ഭരണ സംവിധാനം ഉണ്ടാക്കേണ്ടതായി വരും. പ്രോജക്ടിന്റെ മുഖ്യ നിർവഹണ ഉത്തരവാദിത്തം ഏറ്റവും വലിയ പങ്കു വഹിക്കുന്ന തദ്ദേശ ഭരണ സ്ഥാപനത്തിനായിരിക്കും.

**ധനകാര്യം**

7. പതിനഞ്ചാം ധനകാര്യ കമ്മീഷൻ തുകയുടെ 50% ഇത്തരം പരിപാടികൾക്കായി നീക്കി വെക്കണം എന്ന നിബന്ധന പാലിക്കപ്പെടണം.

8. അംഗീകാരം ലഭിച്ചിട്ടുള്ള ബഹുവർഷ പ്രൊജക്റ്റുകൾക്ക് നീക്കിവെച്ചിട്ടുള്ള പണം അതതു വർഷം ചെലവഴിക്കാൻ സാധിക്കാതെ വന്നാൽ പ്രസ്തുത തുക അഡീഷണൽ ഓതറൈസേഷൻ വഴിയോ സപ്ലിമെന്ററി ഡിമാൻഡ് ഫോർ ഗ്രാന്റ്സ് ആയോ അടുത്ത സാമ്പത്തിക വർഷം ലഭിക്കുന്നതിന് വേണ്ട നടപടി ജൂലൈ മാസത്തിൽ തന്നെ സ്വീകരിക്കേണ്ടതാണ്.

9. ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിൽ നിന്നും പണം ലഭിക്കാൻ വൈകിയാൽ തനതു ഫണ്ടിൽ നിന്ന് ചെലവാക്കിയതിന് ശേഷം പിന്നീട് സർക്കാരിൽ നിന്നും പണം ലഭിക്കുന്ന മുറക്ക് തിരിച്ചെടുക്കാവുന്നതാണ്.

10. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ വരും വർഷങ്ങളിലെ സാഹചര്യം മുൻകൂട്ടി കണ്ടു തയ്യാറാക്കുവാൻ ആകണം. കൃത്യമായ ബഹുവർഷ ആക്ഷൻ കലണ്ടറും വർഷാന്ത്യ outputs/deliverablesഉം ഉണ്ടാകണം. ടെണ്ടർ അന്തിമമാക്കി അംഗീകരിക്കുമ്പോൾ ഇവ വ്യക്തമാകണം.

**മേഖല വിഭജനം**

11. ബഹുവർഷ പ്രൊജക്റ്റ് എന്ന നിലയിൽ നിരവധി ഘടകങ്ങളുള്ള വളരെ വലിയ പ്രൊജക്റ്റ്

ആകാൻ സാധ്യതയുണ്ട്. അതിനാൽ തന്നെ പ്രൊജക്റ്റുകളുടെ ഘടകങ്ങളിൽ ചിലത് വിവിധ മേഖലകളിൽ ഉൾപ്പെടുത്താവുന്നതാകാം. പ്രൊജക്റ്റ് രൂപീകരിക്കുമ്പോൾ തന്നെ ഓരോ ഘടകങ്ങളും ഏതു മേഖലയിൽ ഉൾപ്പെടുത്തണമെന്ന് രേഖപ്പെടുത്തി മേഖല വിഭജനം ഉറപ്പു വരുത്താം. 'Impact assessment on sub surface structures including soil and water bodies' എന്നത്

ഡീറ്റെയ്‌ൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് (DPR) ന്റെ ഭാഗമാകേണ്ടതാണ്.

**ജില്ലാ ആസൂത്രണ സമിതികൾ**

12. വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആസൂത്രണ സമിതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ വിഷയ മേഖലകളിൽ ഏറ്റെടുക്കേണ്ട പ്രൊജക്റ്റുകൾ സംബന്ധിച്ച മാർഗനിർദേശങ്ങൾ നൽകേണ്ടതാണ്.

13. ഇവ സമയബന്ധിതമായും തടസ്സങ്ങളില്ലാതെയും നടപ്പിലാക്കാൻ ആവശ്യമായ കൃത്യമായ നിർവഹണ മോണിറ്ററിങ് നടത്താൻ ജില്ലാ ആസൂത്രണ സമിതികൾ സംവിധാനം ഒരുക്കണം. അതിനാവശ്യമായ പെർഫോർമൻസ് ഇൻഡെക്സ് അടക്കമുള്ള മോണിറ്ററിങ് ഫ്രെയിംവർക്ക് തയ്യാറാക്കണം.

സാങ്കേതിക സഹായവും പരിശോധനയും

14. DPR തയ്യാറാക്കുന്നതിന് സാങ്കേതിക സഹായം ആവശ്യമുള്ള നഗരസഭകൾക്ക് സംസ്ഥാന സർക്കാർ ആവശ്യപ്രകാരം സാങ്കേതിക സഹായം നൽകുന്നതാണ്.

പ്രൊജക്റ്റ് തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം ജില്ലാ ആസൂത്രണ സമിതി ഉറപ്പു വരുത്തേണ്ടതാണ്.

ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ പ്രൊജക്റ്റ് മാനേജ്മെന്റ് സപ്പോർട്ട് നല്കാൻ കഴിയുന്ന ഒരു വിദഗ്ധ ടീം ഉണ്ടാകണം.

15. DPR തയ്യാറാക്കുന്നതിനുള്ള ചെലവ് പ്രോജെക്ടിൽ ഉൾപ്പെടുത്താവുന്നതാണ്.

16. നൂതന സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയുള്ള പ്രൊജക്റ്റ് രൂപീകരിക്കുന്ന നഗരസഭകൾക്ക് പ്രത്യേക അംഗീകാരവും സാമ്പത്തിക പ്രോത്സാഹനവും സർക്കാർ നൽകുന്നതാണ്. ഇത്തരം പ്രൊജക്റ്റുകളുടെ സാങ്കേതിക പരിശോധനക്കായി ആവശ്യാനുസ്രുതം സംസ്ഥാന സർക്കാർ പ്രത്യേക സമിതി രൂപീകരിക്കുന്നതാണ്.

17. ബഹുവർഷ പ്രൊജക്റ്റുകളുടെ നടത്തിപ്പ് സംബന്ധിച്ച് വിശദമായ മാന്വൽ പ്രസിദ്ധീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

1. നഗരകാര്യ ഡയറക്ടർ.
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
3. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും.
4. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
5. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും.

6. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും.
7. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
8. ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
9. ഡയറക്ടർ, കില.
10. എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ.
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-
1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എസ്സ്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എസ്സ്.